**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5847** | **25-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോട്ടയം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയും കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയും മുഖാന്തരം എത്ര പേർക്കാണ് സൗജന്യ നിയമസഹായം നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോട്ടയം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയും കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയും മുഖാന്തരം 1126 പേർക്ക് സൗജന്യ നിയമസഹായം നൽകിയിട്ടുണ്ട്.** |
| (ബി) | പൊതുജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (ബി) | **1987-ലെ The Legal Services Authorities Act-ന്റെ 12-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള മാനദണ്ഡപ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർ,സ്ത്രീകളും കുട്ടികളും,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പ്രകൃതിദുരന്തം, വ്യവസായികദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ; അല്ലെങ്കിൽ, വ്യവസായിക തൊഴിലാളികൾ; അല്ലെങ്കിൽ, പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, ജുവനൈൽ ഹോമുകളിലെ അന്തേവാസികൾ, മാനസികരോഗ ചികിത്സാലയങ്ങൾ അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾ, കസ്റ്റഡി പ്രതികൾ മുതലായവർ; അല്ലെങ്കിൽ, വാർഷിക വരുമാനം 3,00,000/- രൂപയിൽ താഴെയുള്ളവർ തുടങ്ങിയവർക്കാണ് നിലവിൽ കോടതി കേസുകളിൽ സൗജന്യനിയമസേവനം നൽകിവരുന്നത്. കൂടാതെ, സുപ്രീംകോടതിയിലെ കേസുകളിൽ 5,00,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവർക്ക് നിലവിൽ സൗജന്യ നിയമസഹായം നൽകി വരുന്നുണ്ട്. നിയമസഹായം ആവശ്യമുള്ളവർ കേരള സംസ്ഥാന നിയമസേവന അതോറിറ്റിയെയോ, ജില്ലാ നിയമസേവന അതോറിറ്റികളെയോ താലൂക്ക് തല കമ്മിറ്റികളെയോ രേഖാമൂലം അറിയിക്കുന്ന മുറയ്ക്ക് ആണ് സൗജന്യ നിയമസഹായത്തിനുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുന്നത്. കൂടാതെ, 24 മണിക്കൂറും പ്രവർത്തിക്കുന്ന 9846700100 എന്ന** |

| | | | |
|---|---|---|---|
| | | | **സൗജന്യ ഹെൽപ്പ് ലൈൻ നമ്പറും 15100 എന്ന NALSA ടോൾ ഫ്രീ നമ്പറും പ്രവർത്തിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ